# മീൻപിടിത്തവും സംസ്കരണവും പഠിക്കാൻ എട്ടു രാജ്യങ്ങളിൽ നിന്നു പ്രതിനിധികൾ

തോപ്പുംപടി ● ഇന്ത്യയിലെ മീൻപിടിത്തവും സംസ്കരണവും പഠിക്കാൻ എട്ടു രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കൊച്ചിയിൽ എത്തി. ഇന്ത്യ പിന്തുടരുന്ന ആധുനീക മൽസ്യബന്ധന രീതികളും സംസ്കരണ സംവിധാനങ്ങളും ഫലപ്രദമാണെന്ന കണ്ടെത്തലിന്റെ വെളിച്ചത്തിലാണ് ഇരുപത്തിരണ്ടംഗ വിദേശ സംഘം വന്നിരിക്കുന്നത്. സെൻട്രൽ ഇൻസിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി(സിഫ്റ്റ്)യുടെ വില്ലിങ്ഡൻ ഐലൻഡിലെ സെന്ററിലാണു പരിശീലനം.

അഫ്ഗാനിസ്ഥാൻ, ഘാന, കെനിയ, ലൈബീരിയ, മലാവി, മംഗോളിയ, സുഡാൻ, ഉഗാണ്ട എന്നിവിടങ്ങളിലെ ഫിഷറിസ് ഉദ്യോഗസ്ഥർക്കാണു പതിനഞ്ചു ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം നൽകുന്നത്.

യുഎസ്, ഇന്ത്യ സഹകരണത്തോടെ നടപ്പാക്കുന്ന ആഗോള ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായാണു പരിശീലനം. വലിയ തോതിൽ മൽസ്യ സമ്പത്ത് ഉണ്ടായിട്ടും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന രാജ്യങ്ങളാണിവ. മൽസ്യത്തെ ശാസ്ത്രീയമായി കരക്കെത്തിക്കാനും സംസ്കരിക്കാനും സംവിധാനം ഉണ്ടായാൽ ഈ രാജ്യം ഇന്നു നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരമാകുമെന്നാണു നിരീക്ഷണം.

പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഇന്ന് 9.15നു കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. പി. രാജേന്ദ്രൻ നിർവഹിക്കും. സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ അധ്യക്ഷത വഹിക്കും.